ഇറച്ചിക്കോഴി കൃഷിയിൽ സ്വയംപര്യാപ്തത

63 [5520] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ:
,, കളത്തിൽ അബ്ദുള്ള:
,, ഇസ്ഹാക്ക് കുരിക്കൾ:
,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം കോഴികൃഷിയിൽനിന്നും സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ഇറച്ചി എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന് വെളിയിൽ നിന്നും ഇറച്ചിക്കുവേണ്ടി കൊണ്ടുവരുന്ന കോഴികളിൽനിന്ന് ഒരു വർഷം ലഭിക്കുന്ന കോഴി ഇറച്ചി എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിന്റെ ഉപയോഗത്തിനായി ആവശ്യമുള്ളത്ര കോഴിയെ വളർത്തി, അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഇപ്പോഴത്തെ സ്ഥിതി മാറ്റാൻ എന്തെല്ലാം പദ്ധതികളാണ് ഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ളത്; ഇല്ലെങ്കിൽ ഇതിനു വേണ്ട പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) 40,000 മെട്രിക് ടൺ കോഴി ഇറച്ചി.

(ബി) 27,000 മെട്രിക് ടൺ.

(സി) സംസ്ഥാനത്ത് ആവശ്യമുള്ളത്ര ഇറച്ചി കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുവാനും കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ ചെയ്യുവാനും വേണ്ടിയാണ് കേരളാ സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ എന്ന സ്ഥാപനം തുടങ്ങിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനം ഇക്കാര്യത്തിൽ വേണ്ട പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ പൗൾട്രി ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

കോഴികൃഷിക്ക് വേണ്ടിവരുന്ന ചെലവ്

64 [5521] ശ്രീ. കെ. സി. വേണുഗോപാൽ:
,, എം. മുരളി:
,, ഇ. എം. അഗസ്തി:
ശ്രീമതി മേഴ്സി രവി :
ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കോഴി കർഷകരുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവർ പ്രതിദിനം എത്ര കോഴികളെ മാർക്കറ്റിലെത്തിക്കുന്നു;

(സി) സംസ്ഥാനത്തെ കോഴികൃഷിക്ക് വേണ്ടിവരുന്ന ചെലവും അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ കോഴികൃഷിക്ക് വേണ്ടിവരുന്ന ചെലവും തുല്യമാണോ.

(ഡി) സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്ന കോഴിക്കും സംസ്ഥാനത്തേയ്ക്ക് കടത്തി കൊണ്ടുവരുന്ന കോഴിക്കും ഒരേ തോതിൽ ആണോ നികുതി ചുമത്തുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) ഇത് സംസ്ഥാനത്തെ കോഴികൃഷിക്കാരെ എപ്രകാരം ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അഞ്ഞൂറിൽ കൂടുതൽ കോഴികളെ വളർത്തുന്ന 1251 കോഴി കർഷകർ ഉണ്ട്.

(ബി) ഏകദേശം 74,000 കോഴികളെ മാർക്കറ്റിൽ എത്തിക്കുന്നു.

(സി) ചിലവ് തുല്യമല്ല, തമിഴ്നാടിനേക്കാൾ ചെലവ് കേരളത്തിൽ കൂടുതലാണ്.

(ഡി) സംസ്ഥാനത്ത് വളർത്തുന്ന കോഴിക്ക് നികുതി ഇല്ല. പുറത്തുനിന്നും കൊണ്ടു വരുന്ന കോഴിക്ക് 8% നികുതി ചുമത്തുന്നു.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന കോഴിവളർത്തൽ കേന്ദ്രങ്ങൾ

65 [5522] ശ്രീ. സി. കെ. നാണു:
,, എ. സി. ഷൺമുഖദാസ്:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ പറ്റുന്ന തരത്തിലുള്ള കോഴിവളർത്തൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്;

(ബി) കേരളത്തിന് ആവശ്യമുള്ള വിധത്തിൽ ഇറച്ചിക്കോഴികളുടേയും മുട്ടക്കോഴികളുടേയും കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ നിലവിലുള്ള കേന്ദ്രങ്ങൾക്ക് സാധിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) കുഞ്ഞുങ്ങളെ വിരിയിക്കാനുള്ള ആധുനിക ഉപകരണങ്ങൾ ഏതെല്ലാം കേന്ദ്രങ്ങളിൽ ഉണ്ട്; ഏകദേശം എത്ര വീതം കുഞ്ഞുങ്ങളെ വിരിയിക്കാൻ സാധിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ഡി) കേരളത്തിന്റെ ആവശ്യത്തിന് അനുസരിച്ച് ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നില്ലെങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly